# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2618** **06.11.2019-ൽ മറുപടിയ്ക്ക്**

## ഓവർസീസ് സ്കോളർഷിപ്പിന് ഫോറം

| **ചോദ്യം:** | | **മറുപടി:** | |
|---|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)** | |
| (എ) | എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്കായി ഓവർസീസ് സ്കോളർഷിപ്പിന് ആവശ്യമായ പ്രത്യേക ഫോറം വകുപ്പ് ഇതുവരെ തയ്യാറാക്കിയിട്ടില്ലെന്നതിൽ പുതിയതായി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഓവർസീസ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിന് പ്രത്യേക ഫോറം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അപേക്ഷ ഓൺലൈനായി സ്വീകരിക്കാൻ ഉദ്ദേശിച്ചതിനാലാണ്, പ്രത്യേക ഫാറം അച്ചടിക്കാതിരുന്നത്. |
| (ബി) | ഓവർസീസ് സ്കോളർഷിപ്പിന് ഇപ്പോൾ നൽകുന്ന തുക ഇന്ത്യൻ റുപ്പീയുടെ വിനിമയ നിരക്കിലാണെന്നതിനാൽ പ്രസ്തുത തുക യു.എസ്.ഡോളർ വിനിമയ നിരക്കിൽ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഓവർസീസ് സ്കോളർഷിപ്പിന് എല്ലാ രാജ്യങ്ങളിലും യു.എസ്.ഡോളർ വിനിമയ നിരക്കിലില്ല തുക കണക്കാക്കുന്നത്. ഓരോ രാജ്യത്തിലെയും കറൻസിയുടെ അടിസ്ഥാനത്തിൽ ആ തുകയ്ക്ക് ആനുപാതികമായി ഇന്ത്യൻ രൂപ കണക്കാക്കിയാണ് തുക അനുവദിക്കുന്നത്. |
| (സി) | വിദേശ രാജ്യങ്ങളിൽ മിക്കവാറും മുപ്പത് ലക്ഷം രൂപയ്ക്ക് അടുത്ത് തുക ഫീസിനത്തിൽ അഡ്മിഷന് വേണ്ടി വരുന്നതിനാൽ പ്രസ്തുത സ്കോളർഷിപ്പിന് ഇപ്പോൾ നൽകുന്ന തുകയായ ഇരുപത്തിയഞ്ച് ലക്ഷത്തിൽ നിന്ന് മുപ്പത് ലക്ഷം രൂപ ആക്കി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ഓവർസീസ് സ്കോളർഷിപ്പ് അപേക്ഷ കൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സുഗമമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ഓവർസീസ് സ്കോളർഷിപ്പ് അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**